കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 5 | നവംബർ 30 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കൃഷി വകുപ്പ് സ്ഥാപനങ്ങൾക്ക് പൊതു ആസ്ഥാന മന്ദിരം: മന്ത്രി ശ്രീ.പി. പ്രസാദ്; 30 കോടി രൂപയ്ക്ക് ഭരണാനുമതി

3 സുസ്ഥിര വികസനം സർക്കാറിന്റെ ലക്ഷ്യം മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി

5 ജനപക്ഷ സർക്കാറിന് ജനസാഗരം പിന്തുണ മന്ത്രി ശ്രീ. പി. പ്രസാദ്

## മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തെ ഡോ. എം.എസ്. സ്വാമിനാഥൻ നെല്ല് ഗവേഷണ കേന്ദ്രം എന്ന് കൃഷിവകുപ്പുമന്ത്രി ശ്രീ. പി. പ്രസാദ് പ്രഖ്യാപിച്ചു




മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന ഡോ എം എസ് സ്വാമിനാഥൻ അനുസ്മരണ സമ്മേളനത്തിൽ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തെ ഡോ. എം എസ് സ്വാമിനാഥൻ നെല്ല് ഗവേഷണ കേന്ദ്രം എന്ന് കൃഷിവകുപ്പുമന്ത്രി പി പ്രസാദ് പ്രഖ്യാപിക്കുന്നതാണ്. തദവസരത്തിൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് തുടങ്ങിയ പ്രമുഖർ അനുസ്മരണ പ്രഭാഷണം നടത്തുന്നതാണ്.




ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

# ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേളയുടെ ഉദ്ഘാടനം കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. അനുപ്രിയ പട്ടേൽ നിർവഹിച്ചു



ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേള പുതിയ വ്യാപാര സംരംഭങ്ങൾക്ക് വഴിയൊരുക്കുമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. വി. വേണു. അന്താരാഷ്ട്ര വ്യാപാര മേളയിലെ കേരള പവലിയന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന വിവിധ ഉല്പന്നങ്ങൾ വ്യാപാര മേളയിൽ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇക്കുറി പാർട്ണർ സംസ്ഥാനമായാണ് കേരളം പങ്കെടുക്കുന്നത്. 'വസുധൈവകുടുംബകം യുണൈറ്റഡ് ബൈ ട്രേഡ്' എന്ന തീമിൽ ആണ് കേരളം പവിലിയൻ ഒരുക്കിയിട്ടുള്ളത്. മുസിരിസ് മുതൽ വിഴിഞ്ഞം തുറമുഖം വരെയുള്ള വ്യാപാര സൂചകങ്ങളും ഒപ്പം പ്രാചീന കാലം മുതൽ കേരളവുമായുള്ള ലോക രാജ്യങ്ങളുടെ വ്യാപാരബന്ധവും സ്പൈസ് റൂട്ടുമാണ് പവിലിയനിൽ ദൃശ്യമാകുന്നത്.

# കൃഷി വകുപ്പ് സ്ഥാപനങ്ങൾക്ക് പൊതു ആസ്ഥാന മന്ദിരം: മന്ത്രി ശ്രീ.പി. പ്രസാദ്, 30 കോടി രൂപയ്ക്ക് ഭരണാനുമതി

കൃഷി വകുപ്പിനെയും അനുബന്ധ ഏജൻസികളെയും ആധുനികവത്കരിച്ച് ഓഫീസ് സംവിധാനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനും, കർഷകർക്ക് മികച്ച സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിലേയ്ക്കായുള്ള ഇ-ഗവേണൻസ് സൗകര്യമുള്ള അഡ്മിനിസ്ട്രേറ്റീവ് ഹബ്ബായി പ്രവർത്തിക്കാനുതകുന്ന തരത്തിലും ഒരു പൊതു ആസ്ഥാന മന്ദിരം രൂപീകരിക്കുന്നതിനായി 30 കോടി രൂപ അനുവദിച്ചു സർക്കാർ ഉത്തരവായതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു.



തിരുവനന്തപുരം ജില്ലയിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആനയറയിലെ കാർഷിക നഗര മൊത്തവ്യാപാര കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലത്തുള്ള 1 ഏക്കർ ഭൂമിയിലാണ്, കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനം ഒരുമിപ്പിക്കാൻ ഉതകുന്ന ഐ.ടി അധിഷ്ഠിത ആധുനിക ഓഫീസും കർഷക സേവന കേന്ദ്രവും യാഥാർത്ഥ്യമാകുന്നത്. കർഷകർക്ക് മികച്ച സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിനു ഏകീകൃത അഡ്മിനിസ്ട്രേറ്റീവ് ഹബ്ബായി

(Integrated & Administrative Hub) പ്രവർത്തിക്കാനുതകുന്ന കേന്ദ്രം കൂടി ആയിരിക്കുമിതെന്ന് മന്ത്രി പറഞ്ഞു.

നിർദ്ദിഷ്ട പൊതു ഓഫീസ് സമുച്ചയത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട നിലവിൽ സ്വന്തം കെട്ടിടം ഇല്ലാത്ത ഓഫീസുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആവശ്യകത കണക്കിലെടുത്ത്, ഈ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനനുസരിച്ച്, സ്ഥലം അനുവദിക്കുന്നതിനുള്ള രൂപരേഖ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ തയ്യാറാക്കുന്നതാണ്. കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതിക എസ്റ്റിമേഷൻ, കോൺട്രാക്ടിങ് എന്നിവ നിശ്ചയിക്കാൻ കാർഷികോത്പാദന കമ്മീഷണർ (കൺവീനർ), കൃഷി ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്, സ്പെഷ്യൽ ഓഫീസർ WTO, മാനേജിംഗ് ഡയറക്ടർ, കാബ്കോ/എം.ഡിയുടെ പ്രതിനിധി, കാബ്കോ, സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ/ പ്രതിനിധി ,ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (ബിൽഡിംഗ്)/എക്സിക്യൂട്ടിവ് എഞ്ചിനീയർ പദവിയുള്ള പ്രതിനിധി, കെട്ടിട നിർമ്മാണത്തിന് തുക മുടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി/ ഡയറക്ടർ (പ്രതിനിധി), അഡീഷണൽ സെക്രട്ടറി-3, കൃഷി വകുപ്പ് എന്നിവർ അടങ്ങിയ ഉദ്യോഗസ്ഥ ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തിയതായും മന്ത്രി അറിയിച്ചു. 24 മാസത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

# സുസ്ഥിര വികസനം സർക്കാറിന്റെ ലക്ഷ്യം
## മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി

സർവ്വ മേഖലകളിലുമുള്ള സുസ്ഥിരമായ വികസനമാണ് ഈ സർക്കാറിന്റെ ലക്ഷ്യം എന്ന് ശ്രീമതി. ജെ.ചിഞ്ചു റാണി. തേഞ്ഞിപ്പാലം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വച്ച് നടന്ന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിന്റെ നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസം, കാർഷികം, സാംസ്കാരികം തുടങ്ങി എല്ലാ മേഖലകളിലും സുസ്ഥിരമായ ഒരു വികസനമാണ് ഈ സർക്കാർ കാഴ്ചവച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 64000 ത്തിൽ അധികം അതി ദരിദ്ര കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ നല്ലൊരു ശതമാനം ആളുകളെ അതി ദാരിദ്ര്യ പട്ടികയിൽ നിന്ന് പുറത്ത് കൊണ്ടുവരുവാൻ ഈ സർക്കാറിന് കഴിഞ്ഞു.2025 നവംബർ മാസത്തോടുകൂടി കേരളത്തിൽ അതി ദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ഉണ്ടാവുകയില്ല. അതിനുവേണ്ടിയുള്ള തീവ്രമായ ശ്രമത്തിലാണ് സർക്കാർ.

നാല് ലക്ഷത്തോളം ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ചു. 3 ലക്ഷത്തോളം ആളുകൾക്ക് പട്ടയം അനുവദിച്ചു. കോവിഡ് കാലഘട്ടത്തിൽ ഏറ്റവും കുറവ് മരണസംഖ്യ രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ആരോഗ്യമേഖല പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഓരോ സ്കൂളുകളും ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു . ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്കൂളുകളാണ് ഇന്ന് കേരളത്തിൽ ഉള്ളത്. ആധുനിക രീതിയിലുള്ള ശാസ്ത്ര, കമ്പ്യൂട്ടർ ലാബുകളും

സ്മാർട്ട് ക്ലാസ്സ് മുറികളും ഇന്ന് ഉണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവ നൽകുന്നു.

കാർഷിക രംഗത്തും കേരളം മികച്ച പുരോഗതിയാണ് കാഴ്ചവച്ചിരിക്കുന്നത് പച്ചക്കറി കൃഷി വളരെയധികം വർദ്ധിച്ചു. മറ്റു കൃഷി രീതികൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ കാര്യക്ഷമവും ഉൽപാദന ക്ഷമതയുള്ളതും ആക്കി



തീർക്കാൻ നമുക്ക് സാധിച്ചു. കുട്ടനാട്,വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ പ്രത്യേകം പാക്കേജ് അനുവദിച്ചു.

പിഎസ് സി. നിയമനങ്ങളിൽ വൻ പുരോഗതിയാണ് ഈ സർക്കാറിന്റെ കാലത്ത് ഉണ്ടായത്. തൊഴിൽ മേഖല ശക്തിപ്പെട്ടു.നവ സംരംഭകർ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം വളർന്നു. പുതിയ സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു.

സ്ത്രീ ശാക്തീകരണം, കുടുംബശ്രീയുടെ വളർച്ച, സ്ത്രീ സുരക്ഷ എന്നിവയിൽ നാം പുരോഗതി പ്രാപിച്ചു. ഇന്ന് റോഡ് വികസനത്തിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

പാൽ ഉൽപാദന മേഖലയിൽ കേരളം കൈവരിച്ചിരിക്കുന്ന നേട്ടം അൽഭുതാവഹമാണ്.വരും വർഷങ്ങളിൽ കേരളം പാലുൽപാദനത്തിൽ സ്വയം പര്യാപ്തത നേടും. മൃഗസംരക്ഷണ മേഖലകളിൽ വളരെയധികം ഊന്നൽ ഈ സർക്കാർ

നൽകുന്നുണ്ട്. വെറ്ററിനറി ആംബുലൻസിന്റെ സേവനം ഇപ്പോൾ 29 ബ്ലോക്ക് പഞ്ചായത്തുകളിൽ ലഭ്യമാക്കി. ഇത് 152 ബ്ലോക്കുകളിലും കൊണ്ടുവരും. ഏതൊരു ക്ഷീരകർഷകനും വീട്ടുമുറ്റത്ത് ഡോക്ടറുടെ സേവനം ലഭ്യമാക്കുന്ന വിധത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. 24 മണിക്കൂർ പ്രവർത്തിക്കുന്ന കോൾ സെന്റർ ഇന്ന് കർഷകർക്ക് ഏറെ പ്രയോജനപ്രദമാണ്.

തേഞ്ഞിപ്പാലം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വച്ച് നടന്ന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിന്റെ നവകേരള സദസ്സ് ജനങ്ങളാൽ തിങ്ങിനിറഞ്ഞു. നവകേരള സദസ്സ് ജനമനസ്സുകൾ ഏറ്റെടുക്കുന്നതിന്റെ പ്രത്യക്ഷ ലക്ഷണമായി നാം ഇതിനെ കണക്കാക്കണം. മന്ത്രി ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.

# പൊന്നാനി ഹാർബർ യാഥാർത്ഥ്യമാക്കും കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്



പൊന്നാനി ഹാർബർ യാഥാർത്ഥ്യമാക്കി തീർക്കുക എന്നത് ഈ ഗവൺമെന്റിന്റെ മുന്തിയ പരിഗണനയിലുള്ള കാര്യമാണ്. 23.50 കോടി രൂപ രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുണ്ട്. പൊന്നാനി ഹാർബർ യാഥാർത്ഥ്യം ആക്കുന്നതിനു വേണ്ടിയുള്ള എല്ലാ സഹായങ്ങളും സർക്കാരിൽ നിന്ന് ഉണ്ടാകും. കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു.പൊന്നാനി ഹാർബർ ഗ്രൗണ്ടിൽ വച്ച് നടന്ന പൊന്നാനി നിയോജകമണ്ഡലം നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

ഏറെ മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന സ്ഥലമാണ് പൊന്നാനി. കടലിനോട് ചേർന്ന ഈ പ്രദേശങ്ങളിൽ ഒട്ടനേകം പേർക്ക് വീടുകൾ നഷ്ടമായിട്ടുണ്ട്. അവർക്കെല്ലാം ആശ്വാസമായി പുനർഗേഹം പദ്ധതിയിൽ 128 ഫ്ലാറ്റുകൾ ഈ ഗവൺമെന്റ് അനുവദിച്ചു കഴിഞ്ഞു. നൂറോളം ഫ്ലാറ്റുകളുടെ പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

കടൽക്ഷോഭം മൂലം പല ഭാഗങ്ങളിലും കടൽഭിത്തി തകർന്നു പോയിട്ടുണ്ട്. ജലസേചന വകുപ്പ് വഴി 13.89 കോടി രൂപ കടൽ ഭിത്തി നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. കടൽ ഭിത്തി പൂർണ്ണമായും നിർമ്മിക്കാൻ ആവശ്യമായ എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.ഈ നാട്ടിലെ സാധാരണക്കാരുടെ മുഖവും മനസ്സുമാണ് ഈ ഗവൺമെന്റ് പ്രതിഫലിപ്പിക്കുന്നത്.

അതിദാരിദ്ര്യം കേരളത്തിൽനിന്ന് തുടച്ചുനീക്കുന്നതിനുള്ള തീവ്ര ശ്രമത്തിലാണ് ഗവൺമെന്റ്. ലൈഫ് മിഷൻ പദ്ധതിപ്രകാരം കേരളത്തിൽ മൂന്നു ലക്ഷത്തി അമ്പത്തി ആറായിരത്തി നൂറ്റി എട്ട് വീടുകൾ ഇതിനകം നിർമ്മിച്ചു കഴിഞ്ഞു. വീട് നിർമ്മാണത്തിനായി 4 ലക്ഷം രൂപയും ആദിവാസി ദളിത് മേഖലകളിൽ 6 ലക്ഷം രൂപയുമാണ് ഗവൺമെന്റ് കൊടുക്കുന്നത്. സ്വന്തമായി വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ എന്നും ജനങ്ങളുടെ കൂടെയുണ്ടാവും

ജനപങ്കാളിത്തം കൊണ്ട് ഗവൺമെന്റ് നടത്തുന്ന ജനോപകാരപ്രദമായ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും ജനങ്ങളുമായി സംവദിക്കുന്നതിനും ആണ് നവകേരള സദസ്.ജനങ്ങളുടെ ഇച്ഛാശക്തിയുടെ പ്രതിഫലനമായി ജനപങ്കാളിത്തത്തെ കാണണം. ജനാധിപത്യത്തിന്റെ പുതിയ മാതൃകയെ ലോകത്തിന് കാണിച്ചുകൊടുക്കുന്ന ഒന്നാണ് ഇത്.സമൂഹത്തിന്റെ സമസ്ത മേഖലകളിലും വിപുലമായ വികസനമാണ് ഈ ഗവൺമെന്റ് കാഴ്ചവെച്ചിരിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഓരോ ദിനവും വെട്ടിക്കുറച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തെ സഹായിക്കേണ്ട കേന്ദ്ര ഗവൺമെന്റ് മുഖം തിരിഞ്ഞു നിൽക്കുന്നത് ദുഃഖകരമാണ്. നെല്ല് സംഭരണം ചെയ്തതിൽ കർഷകർക്ക് കൊടുക്കാനുള്ള തുക കേരള ഗവൺമെന്റ് ആണ് കൊടുത്തത്.792 കോടി രൂപ കേരളത്തിന് കേന്ദ്രം ഇനിയും അനുവദിച്ചിട്ടില്ല.

കേരള സംസ്ഥാന സർക്കാർ വികസനവുമായി മുന്നോട്ടു പോകുമ്പോൾ അതിനോടൊപ്പം കൈകോർത്തു നിൽക്കുകയാണ് പ്രതിപക്ഷം ഉൾപ്പെടെയുള്ളവർ ചെയ്യേണ്ടത്. എന്തിനെയും ബഹിഷ്കരിക്കുക എന്ന പ്രവണതയെ ജനം തള്ളിക്കളയും എന്ന് മനസ്സിലാക്കണം. മന്ത്രി ശ്രീ. പി. പ്രസാദ് അഭിപ്രായപ്പെട്ടു.

# ജനപക്ഷ സർക്കാറിന് ജനസാഗരം പിന്തുണ
## മന്ത്രി ശ്രീ. പി. പ്രസാദ്




നവ കേരള സദസ്സിന് ഓരോ ദിവസം ചെല്ലുന്തോറും പതിനായിരക്കണക്കിന് ആളുകളുടെ പിന്തുണയാണ് ലഭിക്കുന്നത്. ഓരോ മണ്ഡലങ്ങളിലെയും സദസ്സുകൾ നിറഞ്ഞു കവിയുന്ന കാഴ്ചകളാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ മന്ത്രിസഭ ഒന്നാകെ ഓരോ മണ്ഡലങ്ങളിലും എത്തിച്ചേരുമ്പോൾ ജനസാഗരമാണ് വരവേൽക്കുന്നത്. നിലമ്പൂർ നിയോജകമണ്ഡലം നവ കേരള സദസ്സിൽ എത്തിച്ചേർന്ന ജനസാഗരത്തെ സാക്ഷിയാക്കി കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു.

പ്രതിപക്ഷത്തിന്റെ ബഹിഷ്കരണ ആഹ്വാനത്തെ ജനം തിരസ്കരിച്ചതിന്റെ പ്രത്യക്ഷ ലക്ഷണമാണ് ഇത്. ജനോപകാരപ്രദമായ ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാർ ജനങ്ങൾക്ക് വേണ്ടി ചെയ്തിട്ടുണ്ട് എന്ന് ജനങ്ങൾക്ക് തിരിച്ചറിയാം. സാധാരണക്കാരന്റെ മനസ്സും മുഖവും പ്രതിഷ്ഠിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഒരു സർക്കാർ ആണ് ഇത്. മതനിരപേക്ഷതയ്ക്കുവേണ്ടി നിലകൊള്ളുന്ന, ഛിദ്രശക്തികൾക്കെതിരെ ശക്തമായ നിലപാട് എടുക്കുന്ന, വികസനത്തിൽ വ്യക്തമായ നയവും കാഴ്ചപ്പാടുമുള്ള ഒരു സർക്കാർ ആണ് ഇടതുപക്ഷ സർക്കാർ. വാണിജ്യം, വ്യവസായം, കൃഷി, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങി സമസ്ത മേഖലകളിലും സമൂലമായ പരിവർത്തനമാണ് ഈ കഴിഞ്ഞ ഏഴര വർഷംകൊണ്ട് കേരളത്തിൽ ഉണ്ടായത്.

2025 നവംബർ ഓടെ കേരളത്തിൽനിന്ന് അതിദാരിദ്ര്യം തുടച്ചുനീക്കപ്പെടും. ഇതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത തീരുമാനങ്ങളിൽ ഏറ്റവും സുപ്രധാനമായത്. കാർഷിക മേഖലയിൽ സമഗ്രമായ പുരോഗതി കാഴ്ചവയ്ക്കുവാൻ സാധിച്ചു. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കപ്പെട്ടത്. ഞങ്ങളും കൃഷിയിലേക്ക്, കേരഗ്രാമം തുടങ്ങിയ പദ്ധതികൾ വൻ വിജയമായിരുന്നു.

ഒരേസമയം വികസനവും കരുതലും ആണ് ഈ സർക്കാറിന്റെ മുഖമുദ്ര. കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത അവഗണനയ്ക്കിടയിലും സാധാരണക്കാരന്റെ സ്വപ്നങ്ങളെ നെഞ്ചോട് ചേർത്ത് പിടിക്കുകയും വികസനത്തിൽ ലോകോത്തര നിലവാരത്തിലേക്ക് കേരളത്തെ മാറ്റിയെടുക്കുകയും ചെയ്യുവാൻ ഈ സർക്കാറിനു കഴിഞ്ഞിട്ടുണ്ട്.

# വികസനത്തിൽ കേരളം രാജ്യത്തിന് മാതൃക:
## മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

വികസനത്തിൽ കേരളം രാജ്യത്തിന് ആകെ ഒരു മാതൃകയാണ്. അതി ദ്രുതഗതിയിലുള്ള വികസനമാണ് ഓരോ മേഖലകളിലും നടന്നുകൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യത്തിലും, പശ്ചാത്തല വികസനത്തിലും കേരളം ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും വ്യാവസായിക മേഖലയിലും അസൂയാവഹമായ പുരോഗതി നമുക്ക് കാണാൻ കഴിയും. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. പെരിന്തൽമണ്ണ നിയോജകമണ്ഡലം നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

നാല് ലക്ഷത്തോളം ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ചു. 3 ലക്ഷത്തോളം ആളുകൾക്ക് പട്ടയം അനുവദിച്ചു. കോവിഡ് കാല

ഘട്ടത്തിൽ ഏറ്റവും കുറവ് മരണസംഖ്യ രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ആരോഗ്യമേഖല പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഓരോ സ്കൂളുകളും ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു . ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്കൂളുകളാണ് ഇന്ന് കേരളത്തിൽ ഉള്ളത്. ആധുനിക രീതിയിലുള്ള ശാസ്ത്ര, കമ്പ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ്സ് മുറികളും ഇന്ന് ഉണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവ നൽകുന്നു.

കാർഷിക രംഗത്തും കേരളം മികച്ച പുരോഗതിയാണ് കാഴ്ചവച്ചിരിക്കുന്നത് പച്ചക്കറി കൃഷി വളരെയധികം വർദ്ധിച്ചു.പിഎസ് സി. നിയമനങ്ങളിൽ വൻ പുരോഗതിയാണ് ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായത്. തൊഴിൽ




മേഖല ശക്തിപ്പെട്ടു.നവ സംരംഭകർ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം വളർന്നു. പുതിയ സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു.

ഇത്തരം വികസന പ്രവർത്തനങ്ങളെ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്തതിന്റെ പ്രതിഫലനമാണ് ഓരോ നവകേരള സദസ്സിലും തടിച്ചുകൂടുന്ന ഈ ജനാവലി. മന്ത്രി ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.

# കേരളത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കണം: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കേന്ദ്ര സർക്കാർ കേരള സർക്കാരിനോട് കാണിക്കുന്ന കടുത്ത അവഗണന അവസാനിപ്പിക്കണം. പല വിഭാഗങ്ങളിലായി 52000 കോടി രൂപ കേന്ദ്രം അനുവദിച്ചു തരാൻ ഉണ്ട്. നെല്ല് സംഭരണം ചെയ്തതിന്റെ വകയിൽ കർഷകർക്ക് കൊടുക്കാനുള്ള 792 കോടി രൂപ ഇനിയും അനുവദിച്ചു തന്നിട്ടില്ല. കേരളത്തിന് കിട്ടേണ്ട പല അർഹമായ ആനുകൂല്യങ്ങളും നിഷേധിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ എടുത്തിരിക്കുന്നത് എന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു.

ചിനക്കത്തൂർ കാവ് മൈതാനത്ത് വച്ച് ചേർന്ന ഒറ്റപ്പാലം നിയോജകമണ്ഡലത്തിന്റെ നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

സാധാരണക്കാരന്റെ മുഖവും മനസും പ്രതിഷ്ഠിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഒരു സർക്കാർ ആണ് കേരളത്തിൽ ഇപ്പോൾ ഉള്ളത്. നവകേരള സദസ്സ് ഒരു രാഷ്ട്രീയ പ്രചാരണവേദി അല്ല. ഇത് സർക്കാർ ജനങ്ങളുമായി സംവദിക്കുന്ന ഒരു പരിപാടിയാണ്. എന്തിനെയും ബഹിഷ്കരിക്കുക എന്ന നയം പ്രതിപക്ഷം ഉപേക്ഷിക്കണം. ജനോപകാരപ്രദമായ പദ്ധതികളും പരിപാടികളുമാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

കേരളത്തിൽ 64,000ത്തിൽ പരം അതിദരിദ്ര കുടുംബങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ 47.8% പേരെ അതി ദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ നിന്ന് മാറ്റാൻ ഈ സർക്കാറിന് ഇതിനോടകം കഴിഞ്ഞു. 2025 നവംബർ ഓടുകൂടി കേരളത്തിൽ അതിദരിദ്ര കുടുംബങ്ങൾ ഉണ്ടാവുകയില്ല. അതിദാരിദ്രരഹിത സംസ്ഥാനമായി കേരളം മാറും. കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു

# 2025ഓടെ അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യും മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി

2025 ഓടുകൂടി കേരളത്തിൽനിന്ന് അഭിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യും.64,000ത്തിൽ പരം അതി ദരിദ്ര കുടുംബങ്ങളാണ് കേരളത്തിൽ ഉള്ളത്.ഇതിൽ 47 ശതമാനത്തോളം അതിദരിദ്ര കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മാറ്റിക്കഴിഞ്ഞു.സർവ്വ മേഖലകളിലുമുള്ള സുസ്ഥിരമായ വികസനമാണ് ഈ സർക്കാറിന്റെ ലക്ഷ്യം എന്ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചു റാണിപറഞ്ഞു.

ചെർപ്പുളശ്ശേരി ഹൈസ്കൂൾ ഗ്രൗണ്ടിൽ വച്ച് ചേർന്ന ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൻ്റെ നവകേരള സദസ്സ് അഭിസംബോധന ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

നാല് ലക്ഷത്തോളം ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ചു. 3 ലക്ഷത്തോളം ആളുകൾക്ക് പട്ടയം അനുവദിച്ചു. കോവിഡ് കാലഘട്ടത്തിൽ ഏറ്റവും കുറവ് മരണസംഖ്യ രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ആരോഗ്യമേഖല പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഓരോ സ്കൂളുകളും ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു . ഏറ്റവും നല്ല അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്കൂളുകളാണ് ഇന്ന് കേരളത്തിൽ ഉള്ളത്. ആധുനിക രീതിയിലുള്ള ശാസ്ത്ര, കമ്പ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ്സ് മുറികളും ഇന്ന് ഉണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവ നൽകുന്നു.

കാർഷിക രംഗത്തും കേരളം മികച്ച പുരോഗതിയാണ് കാഴ്ചവച്ചിരിക്കുന്നത് പച്ചക്കറി കൃഷി വളരെയധികം വർദ്ധിച്ചു. മറ്റു കൃഷി രീതികൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ കാര്യക്ഷമവും ഉൽപാദന ക്ഷമതയുള്ളതും ആക്കി തീർക്കാൻ നമുക്ക് സാധിച്ചു. കുട്ടനാട്,വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ പ്രത്യേകം പാക്കേജ് അനുവദിച്ചു.

പിഎസ് സി. നിയമനങ്ങളിൽ വൻ പുരോഗതിയാണ് ഈ സർക്കാറിന്റെ കാലത്ത് ഉണ്ടായത്. തൊഴിൽ മേഖല ശക്തിപ്പെട്ടു.നവ സംരംഭകർ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം വളർന്നു. പുതിയ സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു.

സ്ത്രീ ശാക്തീകരണം, കുടുംബശ്രീയുടെ വളർച്ച, സ്ത്രീ സുരക്ഷ എന്നിവയിൽ നാം പുരോഗതി പ്രാപിച്ചു. മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി പറഞ്ഞു.

# നവ കേരള സദസ്സ് – ജനാധിപത്യ പ്രക്രിയയിലെ ഒരു പുത്തൻ അധ്യായം: മന്ത്രി ശ്രീ. പി. പ്രസാദ്

ലോകത്തിൽ ആദ്യമായി ഒരു മന്ത്രിസഭ ഒട്ടാകെ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ജനങ്ങളുമായി സംവദിക്കുന്നത് ജനാധിപത്യ പ്രക്രിയയിലെ അസുലഭ നിമിഷങ്ങളുടെ സാക്ഷ്യപ്പെടുത്തലാണ്. ഇത് ചരിത്രത്തിന്റെ ഭാഗമായി തീരും. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു . കോങ്ങാട് നിയോജകമണ്ഡലം നവ കേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

നവ കേരള സദസ്സിന് ഓരോ ദിവസം ചെല്ലുന്തോറും പതിനായിരക്കണക്കിന് ആളുകളുടെ പിന്തുണയാണ് ലഭിക്കുന്നത്. ഓരോ മണ്ഡലങ്ങളിലെയും സദസ്സുകൾ നിറഞ്ഞു കവിയുന്ന കാഴ്ചകളാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ മന്ത്രിസഭ ഒന്നാകെ ഓരോ മണ്ഡലങ്ങളിലും എത്തിച്ചേരുമ്പോൾ ജനസാഗരമാണ് വരവേൽക്കുന്നത്.

പ്രതിപക്ഷത്തിന്റെ ബഹിഷ്കരണ ആഹ്വാനത്തെ ജനം തിരസ്കരിച്ചതിന്റെ പ്രത്യക്ഷ ലക്ഷണമാണ് ഇത്. ജനോപകാരപ്രദമായ ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാർ ജനങ്ങൾക്ക് വേണ്ടി ചെയ്തിട്ടുണ്ട് എന്ന് ജനങ്ങൾക്ക് തിരിച്ചറിയാം. സാധാരണക്കാരന്റെ മനസ്സും മുഖവും പ്രതിഷ്ഠിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഒരു സർക്കാർ ആണ് ഇത്. വാണിജ്യം, വ്യവസായം, കൃഷി, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങി സമസ്ത മേഖലകളിലും സമൂലമായ പരിവർത്തനമാണ് ഈ കഴിഞ്ഞ ഏഴര വർഷംകൊണ്ട് കേരളത്തിൽ ഉണ്ടായത്.

2025 നവംബർ ഓടെ കേരളത്തിൽ നിന്ന് അതിദാരിദ്ര്യം തുടച്ചുനീക്കപ്പെടും. ഇതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത തീരുമാനങ്ങളിൽ ഏറ്റവും സുപ്രധാനമായത്. കാർഷിക മേഖലയിൽ സമഗ്രമായ പുരോഗതി കാഴ്ചവയ്ക്കുവാൻ സാധിച്ചു.

ഒരേസമയം വികസനവും കരുതലും ആണ് ഈ സർക്കാറിന്റെ മുഖമുദ്ര. കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത അവഗണനയാണ് കേരളം നേരിടുന്നത്. എങ്കിലും എന്നും ഈ സർക്കാർ സാധാരണക്കാരായ ജനങ്ങളുടെ പക്ഷത്ത് ഉണ്ടാകും കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു.

# ക്രിസ്തുമസ് ആഘോഷത്തിന് മാറ്റുകൂട്ടാനായി 'ക്രിസ്മസ് ട്രീ' പദ്ധതി

ക്രിസ്തുമസ് ആഘോഷത്തിന് മാറ്റുകൂട്ടാനായി 'ക്രിസ്മസ് ട്രീ' പദ്ധതിയുമായി കൃഷി വകുപ്പ്; ഇത്തവണ മുതൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് മോടി കൂട്ടുന്നതിനായി ക്രിസ്മസ് ട്രീ വിതരണം എന്ന ഒരു പദ്ധതി കൂടി വകുപ്പ് നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 9 ജില്ലകളിലെ 31 ഫാമുകളിലായി 4866 ക്രിസ്തുമസ് ട്രീ തൈകൾ വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ട്. തുജ, ഗോൾ

ഡൻസൈപ്രസ്, അരക്കേറിയ എന്നീ ഇനങ്ങളിലെ തൈകളാണ് ക്രിസ്തുമസിനോടനുബന്ധിച്ച വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത് 2 മുതൽ 3 അടി വരെ ഉയരമുള്ള തൈകൾ മൺ ചട്ടിയിലാണ് വളർത്തിയിരിക്കുന്നത്. ലഭ്യമാക്കുന്ന ക്രിസ്തുമസ്സ് ട്രീകൾ ളജ തൈകൾ 2 അടി വരെ ഉള്ളത് 200 രൂപ ളജ തൈകൾ 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 225 രൂപ, ഗോൾഡൻ സൈപ്രസ് 2 അടി വരെ ഉള്ളത് 250 രൂപ, ഗോൾഡൻ സൈപ്രസ് 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 300 രൂപ,അരക്കേറിയ 2 തട്ട് വരെ ഉള്ളത് 300 രൂപ, അരക്കേറിയ 2 തട്ടിനു മുകളിൽ 400 രൂപയുമാണ് വില. ക്രിസ്തുമസ് ട്രീ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ഫാമുകളിൽ ലഭ്യമാണ്.

## കാർഷിക നിർദ്ദേശങ്ങൾ

# വെള്ളരിവർഗ്ഗ വിളകൾ

- വെള്ളരി വർഗ വിളകളിൽ വരുന്ന കണ്ടു മൃദു രോമ പൂപ്പിനു മുൻകരുതലായി സ്യൂഡോമോണസ് ഫ്ലൂറസെൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് രണ്ടാഴ്ച ഇടവിട്ട് തളിക്കാവുന്നതാണ്.
- രോഗബാധ കണ്ടുതുടങ്ങിയാൽ മാങ്കോസെബ്ബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാവുന്നതാണ്.
- രോഗബാധ രൂക്ഷമായാൽ കർസെയ്റ്റ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചുകൊടുക്കുക.
- രോഗ ബാധയേറ്റ ഇലകൾ അപ്പപ്പോൾ തന്നെ നശിപ്പിക്കാനും ശ്രദ്ധിക്കുക.



# മാവ്

- മാവ് പൂത്തു കണ്ണിമാങ്ങയാകുന്ന സമയം മുതൽ തന്നെ കായീച്ചകളെ നിയന്ത്രിക്കുന്നതിനായി ഫിറമോൺ കെണികൾ ഉപയോഗിക്കാവുന്നതാണ്.
- 15 സെന്ററിലേക്ക് ഒരു കെണി എന്ന തോതിൽ കെണി കെട്ടിതൂക്കി ഇടുകയാണ് ചെയ്യേണ്ടത്.
- ഇതോടൊപ്പം വീട്ടിൽ തന്നെ തയ്യാറാക്കാവുന്ന തുളസിക്കെണിയും ഉപയോഗിക്കുന്നത് ഫലപ്രദമാണ്.
- ഒരു ചിരട്ടയിൽ അൽപ്പം തുളസിയിലയും കീടനാശിനികളായ ഇക്കാലക്സ്, മാലത്തിയോൺ തുടങ്ങിയവയിലേതെങ്കിലും ചേർത്ത ശേഷം ഉറി പോലെ ശിഖരങ്ങളിൽ കെട്ടിതൂക്കി ഇടാവുന്നതാണ്.
- ഇവ 4 കെണികൾ ഒരു മാവിന് എന്ന തോതിൽ ഉപയോഗിക്കാം.
- 5 ദിവസത്തെ ഇടവേളകളിലായി സ്ഥാപിക്കുകയും ചെയ്യണം. തുളസിക്കെണികൾ മാറ്റി പുതിയത് സ്ഥാപിക്കുകയും ചെയ്യണം.






ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh